

ഇടക്കാലാശ്വാസം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോളേജധ്യാപക സംയുക്തസമരസമിതി സെക്രട്ടേറിയറ്റു പടിക്കൽ നടത്തിയ ധർണ്ണ സ: കെ. ബാലകൃഷ്ണൻ നമ്പ്യാർ ഉദ്ഘാടനം ചെയ്യുന്നു.

No. 128

October 1995

AKPCTA

# kerala private COLLEGE TEACHER

# കേരള യൂണി: സിൻഡിക്കേററ് തെരഞ്ഞെടുപ്പ്

# എകെപിസിടിഎ യ്ക്ക് ഉജ്ജ്വല വിജയം

കേരള യൂണിവേഴ്സിററി സിൻഡിക്കേററ് തെരഞ്ഞെടുപ്പിൽ എകെപിസിടിഎ യ്ക്ക് ഉജ്ജ്വല വിജയം. സംഘടനാപ്രതിനിധി യായി മൽസരിച്ച മുൻ ജനറൽ സെക്രട്ടറി പ്രൊഫസർ ടി. എൻ. രാമൻപിള്ള ആദ്യറൗണ്ടിൽതന്നെ വിജയിച്ചു. അധ്യാപകമണ്ഡല ത്തിൽ നിന്നും എകെപിസിടിഎ പ്രതിനിധി മാത്രമാണ് ആദ്യ റൗണ്ടിൽ വിജയിച്ചത്. സംഘടനയുടെ പത്ത് വോട്ടും രജിസ്ട്രേ ഡ് ഗ്രാജ്വററ് മണ്ഡലത്തിൽ നിന്നും സംഘടന വിജയിപ്പിച്ച പ്രൊഫ. പി. നരേന്ദ്രൻെറ വോട്ടുമുൾപ്പെടെ പതിനൊന്ന് വോട്ട് സംഘടനാ സ്ഥാനാർത്ഥിക്കു ലഭിച്ചു. ജയിക്കാൻ വേണ്ടിയിരുന്ന ക്വാട്ട ഒൻപതായിരുന്നു.

എകെപിസിടിഎ ജില്ലാസെക്രട്ടറി, സെക്രട്ടറി, ജനറൽ സെക്ര ട്ടറി എന്നീ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള പ്രൊഫസർ രാമൻപിള്ള ധനുവച്ചപുരം എൻ. എസ്. എസ്. കോളേജ് കോമേഴ്സ് അധ്യാപകനാണ്.


കേരള പ്രൈവററ് കോളേജ് ടീച്ചർ

ലക്കം : 128

ഒക്ടോബർ 1995

എഡിററർ :
വി. എൻ. മുരളി

മാനേജിംഗ് എഡിററർ :
എ. പ്രതാപചന്ദ്രൻ നായർ

അംഗങ്ങൾ : എസ്. വിശ്വനാഥൻ, കെ. പി. ദിവാകരൻ നായർ, എം. സലീം, ജോയ് ജോബ് കുളവേലി, ടി. എൻ. മനോഹരൻ, വി. രാജേന്ദ്രൻനായർ, ജോണി കെ. ജോൺ, കെ. സി. കുട്ടപ്പൻ നായർ, ജി. എസ്. സുരേഷ്, കെ. രാജേന്ദ്രബാബു, ജെ. ചന്ദ്ര

# അധ്യാപകരുടെ പ്രശ്നങ്ങൾ: പ്രക്ഷോഭം അനിവാര്യം

പ്രശ്നങ്ങളുടെ നീർച്ചുഴിയിലാണ് പ്രൈവററ് കോളേജ് അധ്യാപകർ. കോളേജുകളിൽ വേണ്ടത്ര അധ്യാപകർ പഠിപ്പിക്കാനില്ലാത്തതിന്റെ ഞെരുക്കം. പുതുതായി നിയമനം കിട്ടുന്നവർക്ക് അപ്രൂവൽ കിട്ടാത്തതും ശമ്പളം കിട്ടാത്തതും, പുതിയ നിയമനങ്ങളൊക്കെ പ്രീഡിഗ്രിയിൽ ഒതുക്കാനുള്ള നീക്കം, പി. എഫ്. ലോണനുവദിക്കുന്നതിൽ ഇന്നുള്ള അന്യായമായ കാലതാമസം, പെൻഷൻ പററുന്നവരുടെ ബുദ്ധിമുട്ട്—ഇങ്ങനെ നിരവധി യാതനകളിലാണ് അധ്യാപകർ ചെന്നുപെട്ടിരിക്കുന്നത്.

ശരാശരി രണ്ടായിരത്തിനുമേൽ വിദ്യാർഥികൾ ഓരോ കോളേജിലും പഠിക്കുന്നുണ്ട്. എന്നാൽ ഇവരെ പഠിപ്പിക്കാൻ വേണ്ട അധ്യാപകരെ നിയമിക്കേണ്ടതുണ്ടെന്ന ധാരണ സർക്കാരിനില്ല. നിയമനങ്ങളെല്ലാം ഒന്നല്ലെങ്കിൽ മറെറാന്നു പറഞ്ഞ് ഉടക്കിട്ടു വയ്ക്കുകയാണ്. 'പ്രയർ കൺകറൻസ്' എന്ന കുരുക്കിൽ പുതിയ നിയമനങ്ങളെ തടയാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. അഴിക്കുംതോറും മുറുകുന്ന കുരുക്കായി മാറുകയാണിത്.

പുതുതായി നിയമിക്കപ്പെടുന്ന അധ്യാപകർക്ക് രക്ഷയില്ല. അവർക്ക് അപ്രൂവലുമില്ല ശമ്പളവുമില്ല. പ്രൈററ് കോളേജധ്യാപകന്റെ മുകളിൽ ഒത്തിരി യജമാനൻമാരാണ്. നിയമിക്കുന്ന മാനേജർ, അപ്രൂവൽ തരുന്ന യൂണിവേഴ്സിററി, ശമ്പളം തരുന്ന ഡി. സി. ഇ. പിന്നെ സർക്കാർ—ഇങ്ങനെ പോകുന്നു യജമാനൻമാരുടെ നിര. ഇവരെല്ലാം അവരവരാൽക്കഴിയുന്ന തടസ്സങ്ങൾ സൃഷ്ടിക്കാൻ മിടുക്കൻമാരുമാണ്. പുതുതായി നിയമിക്കപ്പെടുന്നവർ പ്രീഡിഗ്രിയിൽ പഠിപ്പിച്ചുകൊള്ളാം എന്ന് എഴുതിക്കൊടുക്കണമെന്നാണ് ഒരു കൽപന. ഇതെന്തു നിയമമാണ്. യു. ജി. സി. ടെസ്ററുൾപ്പെടെ എല്ലാ യോഗ്യതാ പരീക്ഷകളുംപാസ്സായ ഈ അധ്യാപകരെ എന്തിന്റെ പേരിലാണ് വേർതിരിക്കുന്നത്. ഡിഗ്രിക്കും പ്രീഡിഗ്രിക്കും പ്രത്യേക നിയമസംവിധാനം സർക്കാരുണ്ടാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? ഇന്നുള്ള അധ്യാപകർ രണ്ടിടത്തും പഠിപ്പിക്കുന്നില്ലേ? പിന്നെ പുതിയ അധ്യാപകരെ എന്തിനാണ് പ്രീഡിഗ്രിയിലേക്കു തള്ളുന്നത്. മുഴുവൻ അധ്യാപകർക്കും യു. ജി. സി. സ്കീമിന്റെ ആനുകൂല്യങ്ങൾ നൽകണമെന്ന് എ കെ പി സി ടി എ ഏറെ നാളായി ആവശ്യപ്പെടുന്നു. അതിനായി നിയമനകാര്യത്തിൽ ഇന്നുള്ള റെഗുലേഷൻ വ്യവസ്ഥ എടുത്തുകളയണം.

ജോലി ചെയ്യുന്ന അധ്യാപകന്റെ ശമ്പളം നിസ്സാരകാരണങ്ങൾ പറഞ്ഞ് നിഷേധിക്കുന്ന പ്രവണത വളർന്നു വരുന്നുണ്ട്. സഹികെട്ട് അധ്യാപകൻ ശമ്പളത്തിനായി കോടതി കയറുകയാണ്. ഗവൺമെൻറിറക്കുന്ന ഉത്തരവുകൾ അധ്യാപകനെതിരായി വ്യാഖ്യാനിക്കുന്ന ഓഫീസുകളാണ് മറെറാരു ശാപം. എങ്ങനെ കാര്യങ്ങൾ നടത്താം എന്നല്ല എങ്ങിനെ നടത്താതിരിക്കാം എന്നാണ് ബ്യൂറോക്രസി ചിന്തിക്കുന്നത്. ഇതിന്റെ ദുരന്തവും അധ്യാപകന്റെ തലയിലാണു വന്നു പതിക്കുന്നത്.

പി. എഫ്. ലോണിനപേക്ഷിച്ചാൽ വർഷങ്ങൾ കഴിഞ്ഞാലും അതു കിട്ടുമെന്നതിന് യാതൊരുറപ്പുമില്ല. പി. എഫ്. ക്രഡിററ് കാർഡ് നൽകാനുള്ള ശ്രമം എങ്ങും എത്തിയിട്ടില്ല. ലോൺ നടപടിക്രമം പരിഷ്ക്കരിക്കണമെന്ന ആവശ്യം ഏറക്കാലമായിട്ടുണ്ട്. വേണ്ടത്ര സ്ററാഫിനെ ലോൺ സെക്ഷനിൽ നിയമിക്കണമെന്നും വളരെനാളായി ആവശ്യപ്പെടുന്നു. രണ്ടിനും സർക്കാർ തയ്യാറാകുന്നില്ല. പെൻഷൻ പററുന്ന അധ്യാപകരുടെ പേപ്പറുകളും ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്.

അധ്യാപകരുടെ പ്രശ്നങ്ങൾ അവഗണിക്കുന്ന സമീപനം സർക്കാർ എത്രയും വേഗം തിരുത്തണം. അതുണ്ടാകുന്നില്ലെങ്കിൽ ഇക്കാര്യങ്ങൾ നേടുന്നതിനായി ശക്തമായ സമരമാർഗ്ഗങ്ങൾ എകെപിസിടിഎ സ്വീകരിക്കുമെന്ന് സർക്കാരിന് മുന്നറിയിപ്പു നൽകുന്നു. □

# അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ്

# AKPCTA — AKGCT

# സഖ്യത്തിന് വൻവിജയം

കേരള യൂണിവേഴ്സിററി അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിൽ മൊത്തം 16 സ്ഥാനങ്ങളും നേടി എ കെ പി സി ടി എ – എ കെ ജി സി ടി സഖ്യം മററു സംഘടനകളെ നിഷ്പ്രഭമാക്കി. ഇംഗ്ലീഷ്, മലയാളം, കെമിസ്ട്രി തുടങ്ങിയ വിഷയങ്ങളിൽ റിക്കാഡ് ഭൂരിപക്ഷത്തോടെയാണ് വിജയം. ഇംഗ്ലീഷിന് മൊത്തം 413 വോട്ടിൽ 273–ം, മലയാളത്തിന് മൊത്തം പോളംചെയ്ത 180 വോട്ടിൽ 127 വോട്ടും കെമിസ്ട്രിക്ക് പോളം ചെയ്ത 350 വോട്ടിൽ 236 വോട്ടും കിട്ടി.

*പി. സി. ടി. എയ്ക്കും, കെ. പി. സി. ടി. യുവിനും കഷ്ടിച്ച് ഓരോ സീററു വീതമാണ് നേടാനായത്*

## AKPCTA – വിജയികൾ

1. **ഇംഗ്ലീഷ്** : ഡി. തോമസ്
   മാർ ഇവാനിയോസ് കോളേജ്,
   തിരുവനന്തപുരം

2. **മലയാളം** : വി. വത്സല
   എസ്. എൻ. വനിതാ കോളേജ്
   കൊല്ലം

3. **കോമേഴ്സ്** : പി. രവിചന്ദ്രൻ
   എസ്. എൻ. കോളേജ്
   പുനലൂർ

4. **മാത്തമാററിക്സ്** : എം. ആർ. സുരേന്ദ്രനാഥ്
   വി. ടി. എം. എൻ. എസ്. എസ്. കോളേജ്
   ധനുവച്ചപുരം

5. **കെമിസ്ട്രി** : പി. ഗോപാലകൃഷ്ണപിള്ള
   എൻ. എസ്. എസ്. കോളേജ്
   പന്തളം

6. ജിയോളജി : ടി. രാജു
എസ്. എൻ. കോളേജ്
വർക്കല

7. എജ്യൂക്കേഷൻ : തോമസ് ഉഴുവത്ത്
പീററ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്
മാവേലിക്കര

8. ഫിസിക്കൽ എജ്യൂക്കേഷൻ : കെ. കെ. വേണു
എസ്. എൻ. കോളേജ്
ചെമ്പഴന്തി

9. ഇഞ്ചിനീയറിംഗ് : എസ്. പരമേശ്വരൻ
ടി. കെ. എം. ഇഞ്ചിനീയറിംഗ് കോളേജ്
കൊല്ലം

10. ഫിസിക്സ് : കെ. കുര്യൻ
ബിഷപ്പ്മൂർ കോളേജ്
മാവേലിക്കര

## A K G C T - വിജയികൾ

1. തമിഴ് : ഡോ: കെ. കുററാലം പിള്ള
യൂണിവേഴ്സിററി കോളേജ്
തിരുവനന്തപുരം

2. ഹിസ്ററി : ഡോ: എസ്. ശിവദാസൻ
യൂണിവേഴ്സിററി കോളേജ്
തിരുവനന്തപുരം

3. ഫിലോസഫി : ജി. പത്മകുമാർ
ഗവ: വനിതാ കോളേജ്
തിരുവനന്തപുരം

4. സുവോളജി : ഡി. മോഹൻകുമാർ
ഗവ: വനിതാ കോളേജ്
തിരുവനന്തപുരം

5. മ്യൂസിക് : സി. കെ. ലീലാമ്മ
ഗവ: വനിതാ കോളേജ്
തിരുവനന്തപുരം

6. ഫ്രഞ്ച് & ലാററിൻ : സെൽന ഫെർനാണ്ടസ്
യൂണിവേഴ്സിററി കോളേജ്
കാര്യവട്ടം

# നേതാവിന് സ്വന്തം പാര

കേരള യൂണിവേഴ്സിററി സിൻഡിക്കേററ് തെരഞ്ഞെടുപ്പുഫലം പുറത്തുവന്നപ്പോൾ കെ. പി. സി. ടി. യു. വിൻെറ സ്ഥാനാർത്ഥിക്ക് ഏറ്റ തോൽവി. അങ്ങിനെ സംഘടനയുടെ മാനം (?) രക്ഷിക്കാൻ നടത്തിയ ശ്രമമെല്ലാം പാളി. തോൽവി സഹിക്കാം. കോട്ടയം യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പിൽ എല്ലാ കെ.പി.സി.ടി യുക്കാരും തോററില്ലേ? ഉണ്ടായകാലം മുതൽ വലിയ വലിയ തോൽവികൾ ഏററുവാങ്ങുന്ന പാരമ്പര്യം കെ.പി.സി.ടി.യു.വിനുണ്ട്. എന്നു കരുതി സംഘടന പിരിച്ചുവിടാൻ പററുമോ? നാണക്കേടുവരുമ്പോൾ വേണ്ടിവന്നാൽ പേരുമാററാം: മാററിയിട്ടുണ്ട്. നിവൃത്തിയില്ലെങ്കിൽ കൂട്ട ആത്മഹത്യപോലെ കൂട്ടലയനം നടത്താം. അതും ചെയ്തുനോക്കി. ഇതൊക്കെയായിട്ടും ഈ 'അദ്ധ്യാപഹയൻമാർ' സംഘടനയെ അംഗീകരിച്ചില്ലെങ്കിൽ എന്തുചെയ്യും.

ഇപ്പൊക്കണ്ടില്ലേ. പാരവരുന്നത് സ്വന്തം സൈഡിൽ നിന്നാണ്. മുൻ ജനറൽ-സെക്രട്ടറിയെ എങ്ങിനെയെങ്കിലും സിൻഡിക്കേററിലെത്തിക്കണമെന്നത് എല്ലാവരും ചേർന്നെടുത്ത തീരുമാനമായിരുന്നു. തീരുമാനം മാത്രമല്ല. കൊണ്ടുപിടിച്ച പ്രവർത്തനവും. മററു സംഘടനകളുടെ പുറത്ത് കഴിയുന്നത്ര ചെളി തെറിപ്പിക്കണം. കലക്കണം. അതിനായി 'പിന്നാമ്പുറ'ങ്ങൾ വഴി ശക്തമായിത്തന്നെ നീങ്ങി. (അതിപ്പോ, പിറകുവശത്തുകൂടെയുള്ള പണികളാണ് വശമുള്ളത്. മുന്നാമ്പുറം അറിയില്ല. മാപ്പ്). കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും ഓടിനടന്നും വോട്ടുപിടിച്ചു. എം. എൽ. എ.യെക്കൊണ്ട് മന്ത്രിയെപ്പിടിച്ച് ചിലരെ വലയിലാക്കി. മേമ്പൊടിയായി ജാതി, മതം കൂട്ടിച്ചേർത്ത് എരിവുകൂട്ടി (ചരിത്രത്തിൻെറ 'പിന്നാമ്പുറ'ങ്ങളിൽ നോക്കിയാൽ എല്ലാ സിൻറിക്കേററു തെരഞ്ഞെടുപ്പും പിളർപ്പിൻെറ വിളവെടുപ്പു കാലമായിരുന്നു. രണ്ടാമതും സിൻറിക്കേററംഗമാകാൻ കഴിയാഞ്ഞത് വല്യനേതാവ് അന്ന് പിളർന്നു തരപ്പെടാഞ്ഞത് മററി. അതൊന്നും ആരും പഠിപ്പിക്കണ്ട. സംഘടന ഉണ്ടാക്കിയതുതന്നെ അങ്ങിനെയാ. പിന്നല്ലാതെ!) അതിരിക്കട്ടെ. അദ്ധ്യാപക-ൻെറ വോട്ടുകൊണ്ടു മാത്രമേ സിൻറിക്കേററിലെത്താവൂ എന്നെവിടെങ്കിലും പറഞ്ഞിട്ടുണ്ടോ. മന്ത്രീൻെറ വിപ്പ് വിപ്പ് എന്നൊന്നും ഈ കോളേജധ്യാപകർ കേട്ടിട്ടില്ലേ? സെനററുമെമ്പറായി അദ്ധ്യാപകൻ തന്നെ വേണ്ട. വിപ്പു മതി. അങ്ങനെ എല്ലാം 'ശരിപ്പെടുത്തി'യാണ് വിജയം ഉറപ്പാക്കിയത്. പെട്ടിപൊട്ടിച്ചപ്പോഴോ. പാര! പാണ്ടിമണിയൻസ്റൈറൽ പാര. ഓടിനടന്ന് പിടിച്ചെടുത്ത വോട്ടൊന്നും മുൻ ജനറൽ സെക്രട്ടറിക്കില്ല. മററവൻ തട്ടി. എന്നുപറഞ്ഞാൽ സ്വന്തം സംഘടനയിൽപ്പെട്ട-വൻ. അടിയോടെ മാന്തി. രണ്ടാമൂഴവും സിൻറിക്കേററിലെത്താൻ. നോക്കണേ പാര വരുന്ന വഴി. തെരഞ്ഞെടുപ്പു ഗുസ്തിയിൽ മുൻ ജനറൽസെക്രട്ടറിയെ മലർത്തിയടിച്ചിട്ട് പുറത്തുകയറി നിന്ന് അവൻെറ മൊഴി:

''എന്തെന്നാൽ അന്നേ ഞാൻ പറഞ്ഞു.
നീയാകുന്ന പാറമേൽ ഞാനെൻെറ സിൻഡിക്കേററു പണിയുമെന്ന്. നീ കേട്ടില്ല.
ഇപ്പോൾ നീ ഞാനാകുന്നു.
അഹം സിൻറിക്കേററസ്മി''.
കെ. പി. സി. ടി. യു ഭസ്മാസ്മി.

നീക്കിബാക്കി ; അകലെ എവിടെയോനിന്ന്
''കാത്തു സൂക്ഷിച്ചൊരു
കസ്തൂരി മാമ്പഴം .........
എന്നു തുടങ്ങുന്ന ഗാനം മനപ്പൂർവ്വമെന്നവണ്ണം ആവർത്തിക്കുന്നു—സമയമാം രഥത്തിൽ ...എന്ന ഈണത്തിൽ.

പ്രൊഫ. ജോയ് ജോബ് കുളവേലിൽ

# കൊച്ചി സർവ്വകലാശാലയും സ്വാശ്രയ കോഴ്സുകളും – വി. സി. ക്ക് ഒരു വിയോജനക്കുറിപ്പ്

കൊച്ചി സർവ്വകലാശാലയിലെ സ്വാശ്രയ കോഴ്സുകളെ ന്യായീകരിച്ചുകൊണ്ട് വൈസ് ചാൻസലർ ഡോ. കെ.ജി. അടിയോടി എഴുതിയ ലേഖനത്തിലൂടെ (സെപ്തംബർ 3) കണ്ണോടിച്ചാൽ അദ്ദേഹം പുതുമയുടെ പ്രോക്താവാകാൻ ആഗ്രഹിക്കുന്നതായി കാണാം. നല്ലതുതന്നെ. പക്ഷേ സ്വാശ്രയ പദ്ധതിയിൽ എതിർപ്പു പ്രകടിപ്പിക്കുന്നവർ അജ്ഞരും സ്വാർത്ഥമോഹികളും ഭയമുള്ളവരുമാണെന്ന് പറഞ്ഞുവെക്കുന്നത് ഖേദകരമാണ്. പരസ്പര വിരുദ്ധങ്ങളായ ഒട്ടേറെ വസ്തുതകളും കണക്കുകളും കുത്തിനിറച്ചിരിക്കുന്നു. പ്രസ്തുത ലേഖനം കൃത്യമായി വിമർശിക്കപ്പെടേണ്ടതുണ്ട്.

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി സമൂഹം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളാണ് സർവ്വകലാശാലകളെന്നും അവയുടെ സംസ്ഥാപനത്തിനും പ്രവർത്തനത്തിനും വേണ്ട ധനം പൂർണ്ണമായും സർക്കാർ നൽകുകയായിരുന്നു ഇതുവരെ എന്നും വൈസ്ചാൻസലർ പറഞ്ഞത് വിദ്യാഭ്യാസത്തിലൂടെ സാമൂഹികമാററവും രാഷ്ട്ര പുനർനിർമ്മാണവും എന്ന ലക്ഷ്യം അംഗീകരിച്ച ഒരു തലമുറയുടെ പ്രതിനിധിയായതുകൊണ്ടാവണമല്ലോ. ഉന്നത വിദ്യാഭ്യാസം കൊണ്ടുള്ള ഗുണം മുഖ്യമായും രാഷ്ട്രത്തെക്കാൾ അതിന്റെ ഉപഭോക്താക്കൾ ആയ വിദ്യാർത്ഥികൾക്ക് മാത്രമാണെന്നും അതുകൊണ്ട് ചെലവ് ഉപഭോക്താക്കൾ തന്നെ വഹിക്കണമെന്നും പറയുമ്പോൾ അദ്ദേഹം ഏതു തലമുറയുടെ പ്രതിനിധിയാണ് ? തീർച്ചയായും മുൻപറഞ്ഞ തലമുറയുടെ പ്രതിനിധിയല്ല. അപ്പോൾപ്പിന്നെ ആഗോളവൽക്കരണത്തിന്റെയും ഉദാരവല്ക്കരണത്തിന്റെയും പുതുതലമുറക്കാരനാവണം. സമൂഹത്തെ മറക്കുന്ന ഇത്തരക്കാർക്ക് ആദ്യം പറഞ്ഞ വാചകം പറയാൻ കഴിയുകയുമില്ല. അങ്ങനെ വരുമ്പോൾ ആർക്കാണ് തെററിയത് ? വൈസ് ചാൻസലർക്കോ വായനക്കാരായ നമുക്കോ? മനുഷ്യവിഭവ ഉല്പാദന പ്രക്രിയകളെ വളർത്താനും തന്ത്രപ്രധാനമായ മേഖലകളിൽ മേധാവിത്വം സ്ഥാപിക്കാനും സ്വാശ്രയത്വം നേടാനുമുള്ള ഉപാധിയായി ഉന്നതവിദ്യാഭ്യാസത്തെ ദർശിച്ച ഇന്ത്യയിലെ വിദ്യാഭ്യാസ വിദഗ്ദ്ധർ വിദ്യാഭ്യാസത്തെ ഒരു സാംസ്കാരിക പരിപാടിയായി മാത്രമല്ല കാണുന്നത് എന്നറിയേണ്ടതാണ്. മറിച്ച് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള ഒരു മുതൽ മുടക്കാണത് എന്ന് വ്യക്തമാക്കാൻ നമുക്കു മുന്നിൽ തെളിവുകൾ ഏറെയുണ്ട്. അങ്ങനെയാണ് നമ്മൾ ഹരിത വിപ്ലവം വഴി കൃഷി, ഭക്ഷണം, എന്നീ മേഖലകളിലും ന്യൂക്ലിയർ സയൻസ്, സ്പേസ് സയൻസ്, ടെക്നോളജി എന്നീ മേഖലകളിലും മുൻകൈ നേടിയതെന്ന സത്യം വി.സി.ക്ക് അറിയില്ലെന്നുണ്ടോ ? അതറിയുന്ന വി.സി. തന്നെ പറയുന്നു ഭരണഘടനാപരമായി സ്കൂൾ വിദ്യാഭ്യാസം മാത്രമേ സർക്കാരിന്റെ ബാധ്യതയായുള്ളൂ എന്ന്. ഉന്നത വിദ്യാഭ്യാസ ധനസമാഹരണ–വിനിയോഗങ്ങളെക്കുറിച്ച് പ

റിക്കാൻ നിയോഗിക്കപ്പെട്ട ഡോ. കെ. പുന്നയ്യ കമ്മീഷൻ തങ്ങളുടെ റിപ്പോർട്ടിൽ പറയുന്ന കാര്യം (പേജ്-17) ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ''പ്രൈമറി വിദ്യാഭ്യാസം രാജ്യത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമാണെന്ന വസ്തുത തള്ളിപ്പറയാതെതന്നെ ഉന്നത വിദ്യാഭ്യാസം രാജ്യത്തിന്റെ സാമ്പത്തികവും സാങ്കേതികവുമായ വികസനത്തിന്റെ ആണിക്കല്ലാണെന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു. പൂർണ്ണസാക്ഷരതയോടൊപ്പം ആഗോള നിലവാരമുള്ള ഉപരിവിദ്യാഭ്യാസം നമുക്ക് അവഗണിക്കാവുന്ന ഒന്നല്ല'' ഇതു വായിച്ചിട്ടുള്ള, വായിച്ചിരിക്കേണ്ട വി. സി. എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത് എന്നാലോചിക്കേണ്ടിയിരിക്കുന്നു.

യു. ജി. സി., ഐ എച്ച്. ആർ. ഡി ഇ. സർക്കാരുകൾ എന്നിവ നൽകിവന്നിരുന്ന ധനസഹായം വെട്ടിക്കുറക്കുക വഴി സർവ്വകലാശാലകൾ സാമ്പത്തിക പ്രതിസന്ധിയിലാവുകയും

> ''പ്രൈമറി വിദ്യാഭ്യാസം രാജ്യത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമാണെന്ന വസ്തുത തള്ളിപ്പറയാതെ തന്നെ ഉന്നത വിദ്യാഭ്യാസം രാജ്യത്തിന്റെ സാമ്പത്തികവും സാങ്കേതികവുമായ വികസനത്തിന്റെ ആണിക്കല്ലാണെന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു. പൂർണ്ണ സാക്ഷരതയോടൊപ്പം ആഗോളനിലവാരമുള്ള ഉപരിവിദ്യാഭ്യാസം നമുക്ക് അവഗണിക്കാനാവുന്ന ഒന്നല്ല.''

സ്വയം വിഭവസമാഹരണം എന്ന കാഴ്ചപ്പാട് ശക്തമാവുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങളിൽ നിന്ന് കൺസൾട്ടൻസിയിലൂടെ, ഫീ വർദ്ധന ഉൾപ്പെടെയുള്ള മററു നൂതന സംവിധാനങ്ങളിലൂടെ കൊച്ചി സർവ്വകലാശാല (കുസാററ്) ഈ ദിശയിൽ എന്തെല്ലാം ശ്രമങ്ങൾ നടത്തി എന്നറിയാൻ സമൂഹത്തിന് താല്പര്യമുണ്ട്. വ്യവസായ തലസ്ഥാനത്തു കിടക്കുന്ന കുസാററ് സമാഹരിച്ച വിഭവങ്ങളെത്രയെന്നു പറയാൻ ബാധ്യസ്ഥനായ വി. സി. അതിനുമുതിരാതെ മൊത്തത്തിൽ ഇന്ത്യനവസ്ഥയുടെ ശോചനീയതയെ വരച്ചു കാണിക്കുക മാത്രമാണ് ചെയ്യുന്നത്. കുസാററിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ കടം ആറു കോടിയാണ്. ഫെഡറൽ ബാങ്ക്, ഓയിൽ റിഫൈനറി, ഫാക്ട്, ടി. സി. സി. എന്നിവ പോലുള്ള കൂററൻ വ്യവസായ സ്ഥാപനങ്ങൾ നിലനിൽക്കുന്ന കൊച്ചിയിൽനിന്ന് ഇൻഡസ്ട്രിയൽ കൺസൾട്ടൻസിക്കുവേണ്ടി ഇന്നുള്ള കുസാററ് വകുപ്പുകളെ ഒട്ടൊന്നു ചിട്ടപ്പെടുത്തിയാൽ ആറിന് അറുപതു കോടി സമാഹരിക്കാൻ കഴിയും. അതിനുവേണ്ടുന്ന ദൈഷണികനേതൃത്വവും ഇച്ഛാശക്തിയുമാണ് പൊതുജനങ്ങൾ പ്രതീക്ഷിക്കുന്നത്. ഇന്നുള്ള ഭൗതികസൗകര്യങ്ങൾ ഉപയോഗിച്ചു കൊണ്ടു തന്നെ ഇന്നുള്ളതിന്റെ ഇരട്ടി വിദ്യാർത്ഥികളെ പഠിപ്പിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. ഒട്ടും മുടക്കുമുതൽ ആവശ്യമില്ലാത്ത ഇത്തരം സാഹചര്യങ്ങളെ ചൂഷണം ചെയ്യാനുള്ള പ്രായോഗിക ബുദ്ധിയാണ് ഇന്നാവശ്യം. ഉദാഹരണമായി എ ഐ. സി. ടി ഇ യുടെ നിർദ്ദേശമനുസരിച്ച് എം. ബി. എ. കോഴ്സിൽ 60 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഇപ്പോഴത്തെ 30 വീതമുള്ള റഗുലർ, സായാഹ്നം എന്നതിനുപകരം 120 പേർക്ക് പഠിക്കാം. ഇക്കാര്യം വി. സി. സഹപ്രവർത്തകരുമായി ചർച്ച ചെയ്തിട്ടുണ്ടോ ? മുൻപറഞ്ഞ സ്ഥിതി നിലനിൽക്കുമ്പോൾ, വ്യവസായത്തിന്റെ പിന്തുണയോ മററ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്ത അടൂരിൽ വൻക്യാപ്പിറേഷൻ ഫീ ഈടാക്കി 50 പേർക്കുള്ള പുതിയ കോഴ്സും സെൻററും തുടങ്ങുന്നതിന്റെ പിന്നിലുള്ള രാഷ്ട്രീയം വ്യക്തമാണ്.

ഉദാരവൽക്കരണവും ആഗോളവൽക്കരണവും നടക്കുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസവും

ഉദാര-ആഗോളവൽക്കരണത്തിന്റെ ചാമ്പ്യന്മാരായ മുതലാളിത്തവികസിത രാജ്യങ്ങളിൽപ്പോലും വിദ്യാഭ്യാസം സെൽഫ് ഫിനാൻസിങ്ങ് അല്ലെന്നതാണ് വാസ്തവം.

തുറന്നുവെച്ച് കച്ചവടം ചെയ്യണമെന്നും സെൽഫ് ഫിനാൻസിങ്ങ് ആക്കണമെന്നും പറയുന്നത് ശുദ്ധമേ അബദ്ധമാണ്. ഉദാര-ആഗോളവൽക്കരണത്തിന്റെ ചാമ്പ്യൻമാരായ മുതലാളിത്ത വികസിത രാജ്യങ്ങളിൽപ്പോലും വിദ്യാഭ്യാസം സെൽഫ് ഫിനാൻസിങ്ങ് അല്ലെന്നതാണ് വാസ്തവം. പുന്നയ്യ കമ്മീഷൻ റിപ്പോർട്ടിലെ വസ്തുതകൾ ഇക്കാര്യം സംശയലേശമെന്യേ തെളിയിക്കുന്നുണ്ട്.

[അടുത്ത പേജിലെ പട്ടിക കാണുക]

'ഉന്നത വിദ്യാഭ്യാസം സാർവത്രികമെന്ന നിലവിട്ട്. ബുദ്ധിപരം മാത്രമല്ല. സാമ്പത്തികമായ കഴിവ്കൂടി ഉള്ളവരിലേക്ക് വിദേശരാജ്യങ്ങളിൽ പലതിലും പണ്ടേ ഒതുങ്ങിയിരിക്കുന്നു'-എന്ന വി. സി. യുടെ കണ്ടെത്തൽ എത്രമാത്രം ആധികാരികമാണെന്ന് മേൽപ്പട്ടിക തെളിയിക്കുന്നുണ്ട്. പുന്നയ്യ കമ്മീഷൻ റിപ്പോർട്ട് വി. സി. വായിച്ചിട്ടില്ലെങ്കിൽ ചുരുങ്ങിയപക്ഷം കമ്മിററി അംഗമായിരുന്ന മുൻ വി. സി. ഡോ. എം. വി. പൈലിയുമായി ഇക്കാര്യം ചർച്ച ചെയ്യുകയെങ്കിലും വേണം. നിർധന വിദ്യാർത്ഥികൾ പിന്തള്ളപ്പെട്ടു പോകുമെന്ന വി. സി. യുടെ അങ്കലാപ്പ് അദ്ദേഹത്തിന്റെ 'സാമൂഹിക പ്രതിബന്ധത' യെ കാണിച്ചു തരുന്നുണ്ട്. പുന്നയ്യ കമ്മീഷൻ റിപ്പോർട്ട് ഇങ്ങനെ പറയുന്നു: ''ലോകത്തെല്ലായിടത്തും സർക്കാർ ഉപരിവിദ്യാഭ്യാസത്തെ സാമ്പത്തിക പിന്തുണ നൽകി താങ്ങിനിർത്തുന്നു, ഒരു ജനാധിപത്യ വ്യവസ്ഥയിൽ ഉന്നത വിദ്യാഭ്യാസം സാധാരണക്കാരിൽ പ്രത്യാശയും അഭിലാഷങ്ങളും അങ്കുരിപ്പിക്കും''. ഉപരിവിദ്യാഭ്യാസം ആരുടെയും ജൻമാവകാശമല്ല എന്ന് പറയുന്ന വി. സി. ഇതിന്റെ അടിസ്ഥാനത്തിൽ അത് തിരുത്തേണ്ടതുണ്ട്. നിർധനരായ വിദ്യാർത്ഥികൾക്ക് ഫ്രീഷിപ്പ്, സ്കോളർഷിപ്പ്, ലോൺ-തുടങ്ങിയ സഹായങ്ങൾ നൽകണമെന്ന് പുന്നയ്യ കമ്മീഷൻ നിഷ്കർഷിക്കുന്നുണ്ട്. കൊച്ചിയിൽ പുതുതായി തുടങ്ങുന്നസ്വാശ്രയ കോഴ്സുകളിൽ ഇപ്പറഞ്ഞവയിൽ ഏവയൊക്കെ എങ്ങനെയൊക്കെ ചെയ്യാൻ കഴിയുമെന്ന് വി. സി. ആലോചിച്ചിട്ടുണ്ടോ ? വി. സി. യുടെ പ്രായോഗിക നിർദ്ദേശവും ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ പഠിക്കുമ്പോൾ തന്നെ ജോലി ചെയ്യണമെന്നാണ് ആ നിർദ്ദേശം. പഠിച്ച് ഡിസ്റ്റിങ്ഷൻ നേടിയവർ ഇവിടെ തൊഴിൽ രഹിതരാണ്. പിന്നെ എവിടെ എങ്ങനെ പണിയണമെന്നാണ് വി സി. ഉദ്ദേശിക്കുന്നത് ? വിദ്യാർത്ഥികൾക്ക് നൽകുന്ന ലോൺ, പഠനം കഴിഞ്ഞാൽ കൈക്കൂലി വാങ്ങാതെ അവർക്ക് തിരിച്ചടയ്ക്കാൻ കഴിയുന്ന വല്ല മാന്ത്രിക വിദ്യയും വി. സി. യുടെ കയ്യിലുണ്ടോ ? ധാരാളം തൊഴിൽ അവസരങ്ങളുള്ള, തികച്ചും ഫ്ളെക്സിബിൾ ആയ ഒരു അക്കാദമിക് സംവിധാനത്തിൽ മാത്രം നടക്കുന്ന ഇത്തരം നിർദ്ദേശങ്ങളെ അപ്രായോഗികം എന്നാണ് വിശേഷിപ്പിക്കേണ്ടത്.

ബാങ്കോക്കിൽ നടന്ന വൈസ്ചാൻസലർമാരുടെ ആഹ്വാനത്തെക്കുറിച്ച് വാചാലനാകുന്ന വി. സി. ചില ചരിത്ര സത്യങ്ങൾ മറന്നു

''ലോകത്തെല്ലായിടത്തും സർക്കാർ ഉപരിവിദ്യാഭ്യാസത്തെ സാമ്പത്തിക പിന്തുണനൽകി താങ്ങിനിർത്തുന്നു. ഒരു ജനാധിപത്യ വ്യവസ്ഥയിൽ ഉന്നത വിദ്യാഭ്യാസം സാധാരണക്കാരിൽ പ്രത്യാശയും അഭിലാഷങ്ങളും അങ്കുരിപ്പിക്കും.''

വിദ്യാഭ്യാസ വിഭവസമാഹരണം—ആഗോളസ്ഥിതി* ശതമാനകണക്കിൽ

| രാജ്യങ്ങൾ | വർഷം | വിദ്യാർത്ഥി ഫീസ് | സർക്കാർ മുടക്ക് | മററു വരുമാനം |
|---|---|---|---|---|
| ഫ്രാൻസ് | 1975 | 2 90 | 93.00 | 4.20 |
| എല്ലാ സ്ഥാപനങ്ങളും | 1984 | 4.70 | 85.00 | 5.80 |
| ജർമ്മനി എല്ലാം ഉന്നത വിദ്യാഭ്യാസവും | 1986 | ഇല്ല | 68.50 | 31.50 |
| ജപ്പാൻ | 1971 | 75.80 | 9.00 | 15.10 |
| സ്വകാര്യസ്ഥാപനങ്ങൾ | 1985 | 68.80 | 51.00 | 19.10 |
| പൊതുസ്ഥാപനങ്ങൾ | 1970 | 2.00 | 83.10 | 14.90 |
| | 1987 | 8.80 | 63.10 | 28.00 |
| നെതർലാൻഡ്സ് എല്ലാ സ്ഥാപനങ്ങളും | 1985 | 12.00 | 80.00 | 8.00 |
| നോർവേ | 1975 | ഇല്ല | 95.00 | 5.00 |
| പൊതുസ്ഥാപനങ്ങൾ | 1987 | ഇല്ല | 90.00 | 10.00 |
| സ്പെയിൻ സർവ്വകലാശാലകൾ | 1980 | 20.00 | 80.00 | ഇല്ല |
| ഇംഗ്ളണ്ട് | 1970-'71 | 6.30 | 71.20 | 22.40 |
| സർവ്വകലാശാലകൾ | 1986-'87 | 13.70 | 55.00 | 31.30 |
| പോളിടെക്നിക്കുകൾ | 1986-'87 | 16.20 | 72.40 | 11.40 |
| യു. എസ്. എ. | 1969-'70 | 38.60 | 20.70 | 40.60 |
| സ്വകാര്യസ്ഥാപനങ്ങൾ | 1984-'85 | 38 70 | 18.40 | 40.90 |
| പൊതുസ്ഥാപനങ്ങൾ | 1969-'70 | 15.10 | 61 10 | 23.70 |
| | 1984-'85 | 14.50 | 59 30 | 26.30 |
| സ്വകാര്യ-പൊതുസ്ഥാപനങ്ങൾ ഒരുമിച്ച് | 1969-'70 | 20.50 | 46 50 | 29.90 |
| | 1986 | 22.40 | 44.80 | 38 80 |

* ജസ്ററിസ് ഡോ. കെ. പുന്നയ്യ കമ്മിററി റിപ്പോർട്ട്, പേജ് 16.

പോകുന്നു എന്ന കാര്യം പറയാതിരിക്കാൻ വയ്യ. ഏഷ്യാ പസഫിക് മേഖലയിലെ വ്യാഘ്രങ്ങൾ എന്നറിയപ്പെടുന്ന ഹോങ്കോങ്ങ്, തായ്‌ലണ്ട്, ദക്ഷിണ കൊറിയ, സിങ്കപ്പൂർ എന്നീരാജ്യങ്ങളുടെ വികസന രഹസ്യമാണ് ആ സത്യം. ഇവിടെയൊന്നും വികസനം നടന്നത് ആഗോളവൽക്കരണം, ഉദാരവൽക്കരണം, കോഴ വാങ്ങൽ-എന്നിവ കൊണ്ടൊന്നുമല്ല. ഭൂപരിഷ്കരണത്തിന്റെയും വിദ്യാഭ്യാസ മുതൽ മുടക്കിന്റെയും പാതയിലൂടെ മുന്നേറിയതിന്റെ ഫലമാണത് എന്ന് ലോകബാങ്ക് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇന്ത്യയിൽ ഇതുവരെ നടക്കാതെ പോയ രണ്ട് കാര്യങ്ങളാണ് സാമൂഹിക സാമ്പത്തിക മാററത്തിനുളള ഈ ശക്തമായ മാർഗ്ഗങ്ങൾ എന്നുകൂടി ഡോ: അടിയോടി മനസിലാക്കേണ്ടതുണ്ട്.

ഒരു വൈസ്ചാൻസലർ നിരത്തുന്ന വസ്തുതകൾ സത്യസന്ധമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ തന്റെ സർവ്വകലാശാലയുടെ കീഴിൽ തന്നെയുളള വസ്തുതകളെപ്പോലും തെററായി അവതരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. സായാഹ്നകോഴ്സുകളായ എൽ. എൽ ബി, എം. ബി. എ എന്നിവയും നടത്താനിരിക്കുന്ന സായാഹ്ന പോളിമർ സയൻസ് ആൻറ് റബ്ബർ ടെക്നോളജി എന്നിവയെ ഒക്കെ സ്വാശ്രയ കോഴ്സുകളായാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. ഈ കോഴ്സുകൾക്കൊക്കെ ഫീസ് കൂടുതലാണ് എന്നല്ലാതെ ഇവയൊന്നും സ്വാശ്രയങ്ങളല്ല എന്ന കാര്യം വി. സി. ക്ക് അറിയില്ല എന്നുണ്ടോ ? അതോടൊപ്പം മോഡൽ എഞ്ചിനീയറിങ് കോളേജ് സെൽഫ് ഫിനാൻസിങ്ങ് ആണ് എന്നും വി. സി. തെററായി പറയുന്നുണ്ട്. ചെങ്ങന്നൂർ എഞ്ചിനീയറിങ്ങ് കോളേജുമായി ബന്ധപ്പെട്ട് കുസാററിൽ നടന്ന നാടകങ്ങൾ വി. സി ക്ക് അറിയില്ലെങ്കിൽ മുതിർന്ന പ്രൊഫസർമാരോട് ചോദിക്കാവുന്നതാണ്. എ. ഐ. സി. ടി. ഇ യുടെ അംഗീകാരം, അക്കാദമിക് കൗൺസിൽ സംഭവങ്ങൾ, ഡോ. മഹേശ്വരിയെ രായ്ക്കുരാമാനം രാജിവെപ്പിച്ച നാടകങ്ങൾ ഇതൊന്നും മറന്നു കളയാനുളളതല്ല. അധ്യാപകരുടെ സദസ്സിൽ വിടവാങ്ങൽ പ്രസംഗം നടത്തിയപ്പോൾ വിങ്ങിപ്പൊട്ടിയ മുൻ വി. സി. ഡോ. മഹേശ്വരിയുടെ ചിത്രം കൊച്ചിമേഖലയിലെ അക്കാദമിക് രംഗത്തുനിന്നും മറയാറായിട്ടില്ല എന്നുകൂടി പറയട്ടെ.

അടൂർ എഞ്ചിനീയറിങ്ങ് കോളേജിന് വേണ്ടത്ര സൗകര്യങ്ങളില്ലാത്തതിനാൽ അതിന് അംഗീകാരം നൽകില്ല എന്നു പറഞ്ഞ വി. സി. അധികം വൈകാതെ തന്നെ കോളേജിന് അംഗീകാരം നൽകിയതെന്തേ ? സൗകര്യങ്ങളൊക്കെ അത്ര പെട്ടെന്ന് ഉണ്ടായോ എന്നറിയാൻ വാസ്തവത്തിൽ കൗതുകമുണ്ട്. ചെങ്ങന്നൂരും അടൂരും ഡിഗ്രി കൊടുക്കുന്നതിൽ ആർക്കും എതിർപ്പില്ലെന്ന് എന്തടിസ്ഥാനത്തിലാണാവോ വി. സി. പറഞ്ഞത് ? വസ്തുതാപരമായ പിഴവിന്റെ മറെറാരു ഉദാഹരണമാണ് 'സ്വാശ്രയ സർവ്വകലാശാല'യുടേത്. സ്വകാര്യസർവ്വകലാശാല എന്നല്ലാതെ സ്വാശ്രയസർവ്വകലാശാല എന്നൊരാശയം പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ടതായി കേട്ടിട്ടേയില്ലല്ലോ. കൂടാതെ യു. എസ്. എ, ജപ്പാൻ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ സ്വകാര്യസർവ്വകലാശാലകളുണ്ടെന്നും അവപോലും സെൽഫ് ഫിനാൻസിങ്ങായല്ല നടക്കുന്നതെന്നും അറിയേണ്ടതാണ് (പട്ടിക നോക്കുക). സ്വകാര്യ സർവ്വകലാശാലകൾ കടുത്ത സാമൂഹിക നിയന്ത്രണത്തിനുളളിൽനിന്നു മാത്രമേ പ്രവർത്തിക്കൂ. വലിയ കോർപ്പറേററ് ഹൗസുകൾ 10 കോടി കെട്ടിവെച്ച് സാമൂഹിക നിയന്ത്രണ വിധേയമായി ഗവേഷണത്തിനുവേണ്ടി സർവ്വകലാശാലകൾ സ്ഥാപിക്കുന്നതും സ്വാശ്രയ സർവ്വകലാശാല എന്ന സങ്കല്പവും തമ്മിൽ ഏറെ അകലമുണ്ടെന്ന് അറിയേണ്ടതുണ്ട്. കാര്യങ്ങളിങ്ങനെയൊക്കെയിരിക്കെ ആരുടെ കാഴ്ച മറയ്ക്കാനാണ് ഈ പുകമറയൊക്കെ സൃഷ്ടിക്കുന്നത്.

ഏകതാസ്വഭാവം കൊണ്ടും ഗവേഷണ പ്രവർത്തനങ്ങൾ കൊണ്ടും ലോകത്താകെ അറിയപ്പെടുന്ന സർവ്വകലാശാലയാണ് ഇന്ന് കുസാററ്. അതുകൊണ്ടാണല്ലോ ഇതര സർവ്വകലാശാലകളുടെ ഭൂപരിധിയിൽപ്പെട്ട ചില കോളേജുകൾക്ക് കുസാററിൽ അംഗീകാരം തേടിയത്. മഹാത്മാഗാന്ധി, കേരള, കാലിക്കററ് സർവ്വകലാശാലകളെപ്പോലെ അഫിലിയേററിങ്ങ് ആയിട്ടല്ല കുസാററ് രൂപകല്പനചെയ്തിട്ടുളളത്. അഫിലിയേററിങ്ങ് യൂണിവേഴ്സിററികളിൽബിരുദകോഴ്സുകൾ

കോളേജുകളിൽ നടത്തുമ്പോൾ ഇവിടെ സ്വന്തം കാമ്പസിൽ യൂണി; ഡിപ്പാർട്ട്മെൻറ് നേരിട്ടു നടത്തുകയാണ് ചെയ്യുന്നത്. അതിൻെറ ക്രെഡിബിലിററി ഒന്നുവേറെ തന്നെയാണ്. അടുത്ത നാലു വർഷംകൊണ്ട് 2400 ഡിഗ്രി വിദ്യാർത്ഥികൾകൂടി കുസാററിൽ എത്തിച്ചേരും. ഒരാളിൽനിന്നും ഒരു ലക്ഷംരൂപ ഈടാക്കുമ്പോൾ വർഷംതോറും വരുമാനം 6 കോടിയാകും എന്നത് നേര്. പക്ഷേ നമുക്കവിടെനഷ്ടപ്പെടുന്ന ഒന്നുണ്ട് – ക്രെഡിബിലിററി.

സ്വാശ്രയ കോഴ്സുകളെക്കുറിച്ച് സംസാരിക്കുമ്പോൾ വാചാലനാകുന്ന വി. സി. കാര്യങ്ങൾ ലളിതവത്ക്കരിക്കുകയാണ്. കർണ്ണാടക ആന്ധ്രമോഡലും വിദേശ മോഡലുകളും അതിനായി തെററായി നിരത്തപ്പെടുന്നു. എം.ജിയിലും കുസാററിലും ആവിഷ്കരിക്കപ്പെടുന്ന മോഡലുകൾ അവിടുത്തേതു മാത്രമാണ്. സ്വാശ്രയവിദ്യാഭ്യാസത്തിൽ ഒരാൾ മുടക്കുന്ന മുതൽ മൂലധനത്തിനും ആവർത്തനച്ചെലവിനും മാത്രമുള്ളതല്ല. ചെലവു കഴിച്ച്, മിച്ചം പിടിച്ച് നിലവിലുള്ള മററ് കോഴ്സുകളെപുഷ്ടിപ്പെടുത്താം എന്നാണ് സങ്കല്പം. മലർപൊടിക്കാരൻെറ ഈ മനക്കോട്ട കൂട്ടൽ കിഴിക്കലുകളിലൂടെ, ഈ പ്രത്യേക സംവിധാനത്തിൻെറ പേററൻറ് എം. ജി. കുസാററുകൾക്ക് മാത്രം അവകാശപ്പെട്ടതാണ്. ലോകത്തെവിടെയെങ്കിലും ഇതുപോലുള്ള സംവിധാനമുള്ളതായി ബഹുമാനപ്പെട്ട വി. സി. യുടെ അറിവിലുണ്ടെങ്കിൽ പറഞ്ഞുതരണം. ആദരണീയരായ വി. സിമാർ വീണ്ടും വീണ്ടും കളവ് പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഈ ടെക്നോളജി ഒരു ഗീബൽസിയൻ തന്ത്രമാണെന്ന് അങ്ങനെ വ്യക്തമാകുന്നു.

ഉപരിവിദ്യാഭ്യാസത്തിന്, ഇന്ത്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ്, ഇന്ത്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് സയൻസ്, ഇന്ത്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് ടെക്നോളജി. പോലുള്ള സ്ഥാപനങ്ങളൊന്നും ഇല്ലാതിരുന്ന കാലത്ത്, 1971-ൽ ഹാജി സി. എച്ച്. എം. കോയാ സാഹിബ് കേരളത്തിൻെറ ഉപരിവിദ്യാഭ്യാസാർത്ഥം ആരംഭിച്ചതാണ് ഈ പ്രതിഭാ കേന്ദ്രം. പിന്നീട് പ്രൊഫ. മുണ്ടശ്ശേരിയുടെ അക്കാദമിയ നേതൃത്വത്തിൽ അത് പടർന്നുപന്തലിച്ച് ആഗോള പ്രശസ്തമായിത്തീരുകയായിരുന്നു. ഈ മഹാരഥൻമാരൊന്നും സ്വപ്നത്തിൽപോലും വിചാരിച്ചിട്ടുണ്ടാവില്ല, കേരളത്തിൻെറ അഭിമാനമായ ഈ കുസാററിലെ അദ്ധ്യാപകരും അധ്യേതാക്കളും 'ജസവ് കുസാററ്' എന്ന മുദ്രാവാക്യവും ഉയർത്തി പ്രക്ഷോഭത്തിനിറങ്ങുന്ന ഒരു കാലം വരുമെന്ന്. വളരെ വിചിത്രമായ ഒരു നിർദ്ദേശത്തിലൂടെയാണ് തൻെറ ലേഖനം ഡോ. അടിയോടി ഉപസംഹരിക്കുന്നത്. സ്വാശ്രയധാരയിലേക്ക് സർവ്വകലാശാലയെ എത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനെ അടച്ചുപൂട്ടുക മാത്രമേ വഴിയുള്ളൂ എന്നതാണ് ആ നിർദ്ദേശം. പുത്തൻ വ്യവസായ പദ്ധതിയായസ്വാശ്രയ കോഴ്സിൻെറ പ്രണേതാവായ വി. സി. തന്നെയാണ് ഈ പ്രശസ്ത ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ പ്രക്ഷോഭം വഴി അടച്ചുപൂട്ടലിലേക്ക് എത്തിക്കുന്നതെന്ന് ലേഖനത്തിൻെറ വരികൾക്കിടയിലൂടെ വായിച്ചുപോകാൻ കഴിയും. ധൃതരാഷ്ട്രാലിംഗനം പോലെ ആയിത്തീരുകയാണ് വി. സി. യുടെ ഈ സ്വാശ്രയപ്രണയവും.


ഫോൺ : 463494

## എ. കെ. പി. സി. ടി. എ. ഓഫീസ്

വിലാസം :
28/406
അംബുജവിലാസം റോഡ്
തിരുവനന്തപുരം—1



## എ. കെ. പി. സി. ടി. എ. ട്രഷററുടെ വിലാസം

*M. SALIM*
*10, Pleasant Dale*
*Farook College P. O.*
*Kozhikode–673632*

# The First Representation submitted before R. P. Rastogi, Chairman, UGC Committee by AKPCTA

To
Dr. R. P. Rastogi
Chairman
UGC Committee on Revision of
Pay scale of University and College
Teachers.

SUB: REPRESENTATION OF
AKPCTA-REVISION OF
PAY SCALES-REGARDING.

Dear Sir,

The All Kerala Private College Teachers Association wishes to present before you the following points for your serious consideration while finalising your report on the pay revision of university and college teachers of India.

1. To ensure the simultaneous and uniform implementation of the new revision through out India, steps should be taken to make the pay-revision recommendations mandatory on all state governments, if necessary through parlimentary legislation.

2. Taking into account inordinate delay in implementing the next pay revision which is long overdue, the Govt of India have already announced two instalments of interim relief to the employees. Most of the University and College teachers are yet to get them. We, therefore, strongly propose that the committee give proper recommendations to all concerned to give the instalments of interim reliefs already announced to all the college and university teachers in the country.

3. To attract and retain the best talents in the field of higher education the pay scales of college and university teachers should be at least, on a par with the class I (like the IAS etc) officers in the country.

4. Redesignate college and university teachers as Lecturer - Asst. Professor - Associate Professor and Professor, as this is more rational and brings greater emotional satisfaction to the teaching community as a whole.

5. We assert that the recently created "administered disparity" with regard to pay scales and designations of teachers in institutions like IITs, IIMs and IISs on the one hand and the teachers of colleges and universities on the other, is unjust and illogical as it upsets the parity which existed in the field of higher education in India. We, therefore, suggest that uniform scales of pay and perks should be recommended to all teachers working in the field of higher education.

6. The 1986 pay revision committee did not specifically mention the actual workload of the physical education teachers. We suggest one teacher for every five hundred students.

7. Teachers in charge of NCC and NSS in colleges, have to do a lot of work. This is in addition the normal maximum work load of teaching. We, therefore, **request that** reasonable reduction in their teaching work load may be made in your recommendations.

8. Facilities for refresher / orientation courses are throughly inadeqate at the moment. Many teachers are denied their due promotion on account of this. In view of this we request you to recommend delinking of attendance of refresher / orientation courses from career advancement schemes.

9. The previous Pay revisions have neglected the legitimate claims of the senior teachers. We, therefore, request you to evolve a rational fixation formula giving due weightage to the actual length of service of the senior teachers.

10. In the 1986 pay-revision there is provision to grant one and three increments to M. Phil and Ph. D. holders respectively. But this is restricted to a certain section of teachers. We request that the same benefit should be extended to all teachers irrespective of the number of years put in by them.

11. We request the committee to take a sympathetic view of the plight of the retired teachers and recommend at least 20 % DA merger with pay for retiring teachers.

12. The teachers are the most neglected lot as far as perks are concerned. We therefore suggest that focus should be given to the perk-side of the college and university teachers in their pay revision. Perks such as LTC, Books Allowance, Medical, Educational and Vehicle Allowances are only some of the perks we mention here.

We hope that you will see the points in their right perspective so that your recommendations will be looked upon by the teaching community as something really worthy of their expectations.

Thanking you,

Yours faithfully,
(K. P. Divakaran Nair)
Gen. Secretary

Trivandrum,
26-9-'95



## മോഹൻകുമാറിന് ഡോക്ടറേറ്റ്

കാലടി ശ്രീ ശങ്കരാ കോളേജ് അധ്യാപകനായ പി. എസ്. മോഹൻകുമാറിന് ഡോക്ടറേറ്റ് ലഭിച്ചു. സാമ്പത്തിക ശാസ്ത്രത്തിൽ കൊച്ചി സർവ്വകലാശാലയിൽ നിന്നാണ് ഡോക്ടറേറ്റ് നേടിയത്.

എകെപിസിടിഎയുടെ സജീവപ്രവർത്തകനായ മോഹൻകുമാർ സംഘടനയുടെ സംസ്ഥാന കൗൺസിൽ അംഗമാണ്.

# AIFUCTO

## SECOND MEMORANDUM TO RASTOGI COMMISSION

To, May. 5th, 1995

DR. R.P. Rastogi.
Chairman,
U. G. C. Committee
on Revision of Pay-scales of
University and College Teachers.

Sub: Second Memorandum of AIFUCTO.

Dear Sir,

In our previous representation No. 0-22. dated 18-1-95, we submitted some principles which, in our opinion, the committee should observe while making its recommendations. The points which we are going to submit through this memorandum fall into two categories. The first set of points are in the nature of details which follow from the principles mentioned in our first representation. The other group is concerned with problems arising out of implementation of the U. G. C. pay-scales of 1986. Following are the points :

### 1 Career advancement scheme should include quota-free advancement to Professorship.

Prior to 1986 pay-revision for Teachers in all the universities there were two schemes for promotion M. P. S. and P.P.S. Because of their simultaneous operation and also because of creation of many morel new posts in our universities a talented university teacher could always expect to become a professor within a period of 15/20 years. But the situation has today become altogether different. In all our universities hundreds of highly qualified Readers are stagnating for want of any further scope of promotion. This invariably gives rise to frustration.

The condition in colleges, although different, Is hardly any better. In some states, before last pay revision, there was quota based promotional scope upto the level of Professorship. This was totally discontinued in 1986. After repeated representation and movement by the teachers some state governments, of late have agreed to reintroduce the old promotional opportunity in these colleges. However all these posts of Professors, as per U. G. C. norms have been made open. Provision of these posts being filled from the cadre has not been restored in view of the condition described earlier in the university departments the result is a scramble for the few Professors' posts created in these colleges. Thus any reasonable hope which senior and qualified college teachers might entertain for promotion to these posts gets dashed.

On the other hand, in most of our colleges there was no or little scope for upward movement for teachers. For the first time the 198ı pay revision offered them Career Advancement Scheme and established, to some extent, compara-

## റാസ്തോഗി കമ്മിററിയുമായി ചർച്ച

കോളേജ്-യൂണിവേഴ്സിററി അധ്യാപകരുടെ ശമ്പളപരിഷ്ക്കാരത്തിനായി യു. ജി. സി. നിയമിച്ച ഡോ. ആർ. പി. റാസ്തോഗി കമ്മിററിയുമായി എകെപിസിടിഎ – എകെജിസിടി ഭാരവാഹികൾ ചർച്ച നടത്തി. അഞ്ചാം ശമ്പളപരിഷ്കാരം എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ നടപ്പിലാക്കുക, ക്ലാസ്–1 ഉദ്യോഗസ്ഥന്മാരുമായി തുല്യത നിലനിർത്തി ശമ്പളപരിഷ്കാരം നടപ്പിലാക്കുക, ഇരുപത്തിനാലു വർഷം സർവ്വീസുള്ള അധ്യാപകർക്ക് പ്രൊഫസർ തസ്തിക അനുവദിക്കുക, ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരുടെ തസ്തിക അഞ്ഞൂറ് വിദ്യാർത്ഥികൾക്ക് ഒരു അധ്യാപകൻ എന്ന അനുപാതത്തിൽ നിജപ്പെടുത്തുക, ബിരുദക്ലാസുകളിലെ അധ്യാപക – വിദ്യാർത്ഥി അനുപാതം 1:40 ആയി പുനർനിർണ്ണയം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ സംഘടനാ പ്രതിനിധികൾ ചർച്ചയിൽ ഉന്നയിച്ചു.

എകെപിസിടിഎ പ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥൻ, പ്രൊഫ. എൽ. ജി. വർഗീസ്, എകെജിസിടി പ്രസിഡന്റ് പ്രൊഫ. എസ്. സോമൻ, പ്രൊഫ. പി. കെ. മാധവൻനായർ, പ്രൊഫ. കെ. മാധവൻനായർ, പ്രൊഫ. ജി. രാജീവ് എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.

bility of service conditions between colleges and universities. In view of the fact that in a large part of our country colleges have to bear the bulk of responsibility in both research and higher education, it is only just and proper that career advancement scheme should cover Professorship.

We should note here that Malhotra Committee had already recommended creation of posts of Professors selectively in colleges and the U. G. C. as well as the Government of India also accepted this recommendation. It is regrettable that this recommendation could not be implemented over this long period, not because of principle or practical difficulty but for want of resources. In fact we have discussed with the U. G. C. more than once on the possible mechanism for allotting the limited number of posts of Professors which might be available for colleges. We therefore demand that this long-pending issue be resolved ensuring that all eligible teachers, whether in universities or in colleges, have an opportunity to reach Professorship.

### 2 Sanctioning of posts by the U.G.C. after ensuring fool-proof concurrence of the state government.

In many state universities the posts sanctioned by the U.G C. become a cruel

joke because these posts cannot be filled up for want of concurrence of the state government. It is necessary to make adequate prior consultation with the state goverument before making any such sanction. We hasten to add that the purpose of making this suggestion is not to land in a situation where in absence of willingness of the state government to undertake additional responsibility the U. G. C may be unable to approve additional posts altogether. The purpose is to persuade the state government to give concurrence so that necessary development of the department and/or the university can actually take place.

## 3 Increase mutual consultation and co-ordination among U. G. C, AICTE & ICAR.

In our earlier representation we have already demanded restoration of parity between the university system on the one hand and the IIT - IIM - IIS on the other in terms of grades and designations of teachers which resulted from Dogra Committee Report and its acceptance by the Goverument of India. However this is only an effect and not the cause. Absence of a mutually coherent policy vis-a-vis different institutions of higher learning and lack of adequate coordination among different all India centers led to such a situation. Apart from this glaring instance of disparity many minor problems are arising in different areas.

In future. such problems are likely to multiply in view of increased activity of AICTE in providing academic support and monitoring to the department of engineering and technology in general universities.

## 4 Interim relief pending submission of final report.

In accordance with the decision of the Government of India, teachers of central universities are receiving Rs.100/p. m. since 16-9-1993. The U G.C also has recommended to all state Governments that the same benefit should be extended to teachers of state universities and colleges affiliated to them. A few. state governments have acceded to this request. Unfortunately most of the state governments have not done so. It is now reported in the press that the Fifth Central Pay Commission is actively considering the question of awarding a seoond instalment interim relief. In view of our frustrating experience with the very first we can not be too optimistic about this benefit reaching majority of universities and college teachers. Our fervent plea to you is to do everything possible to persuade the state governments to grant Interim Relief to ths teachers of state universities and collegee so that they are not put to disadvantage as compared to their counterparts in central universities and colleges.

ജേർണൽ വരിസംഖ്യ
മാനേജിംഗ്
എഡിറ്റർക്ക്
അയയ്ക്കുക

A, Prathapachandran Nair
Kuravattam
Paruthippally P. O.
Thiruvananthapuram
Pin: 695 574

## 5 Benefit for retiring teachers

Even during the period when the exercise of pay revision is in progress many teachers are retiring from service. The date from which the new revised scale will be effective is also not known. The Government of India has ordered 20 p. c. of D. A to be treated as part of pay for all retiring employees. The same benefit should be extended to all retiring teachers of state universities and colleges.

## 6 Interim Relief for retired teachers

Pensioners' Association of of Employees of Central Government have urged the Government to extend Interim Relief to retired employees. We feel that this demand is just. We demand therefore that Interim Relief should be paid to all retired university and college teachers who are in receipt of pension.

## 7 Recognise past service of Demonstrators / Tutors for the purpose of Career Advancement

This issue has been long pending. We have represented this point many times to the U.G.C. and the Govenment of India. The matter could not be resolved because of the intransigent position of the Government of India in spite of favourable recommendation of the UGC in view of your committee having been set up and given the responsibility inter alia to look into all problems connected with implementation of the revised scales of 1986, we strongly demand that this problem be resolved early and that this category of teachers be Justly treated

## 8 Recognition of past service

There is a lot of problems connected with recognition of past service. Some problems arise out of lack of clarity in the order of the U G C /Govt. of India, others are connected with non-implemention of the State Governments.

We understand the reason for not counting purely ad-hoc service for a period of less than one year for the purpose of career advancement. But in many states specially in Government service because of unsatisfactory functioning of the Public-Service Commission, the teachers have to serve for many years on an ad-hoc temporary basis before they get a chance to appear before the P.S.C. for regular selection. During such long ad-hoc service the teachers continue to earn annual increment and their P.F. contribution is also deducted on a regular basis. Besides, such appointments are made as per the existing Govt / university rules. We therefore strongly demand that such service should be definitely counted for the purpose of career advancement and the relevant order of the U. G. C. / Govt. of India should be suitably clarified.

A similar problem is faced by teachers of non-government colleges in some states. In these states quite often a newly established college has to function on a no-grant basis for a certain number of years after which the college is entitled to receive aid from the state government Some state governments have refused to count this period of unaided service for the prrpose of career advancement of course. There is nothing in the order of the U G. C / Govt of India which supports this position of the state governments. It is well however

be useful if a categorical clarification is issued from the centre so that such aberrations are rectified.

There is also the problem of not counting service rendered in other state governments. The usual plea of a state government is uncertainty about the attitude of other state governments. It is urgent for the U. G. C. and the Govt of India to organise a Special Conference of State Education Ministers for evolving a mutually agreed inter-state convention for recognition of service rendered in other states. Such convention has to take care of problems like carrying forward P F. Account from one state to the other and also for maintenance of the date of increment. It should be noted here that although universities are statutory bodies and consequently all recognised colleges and universities should be covered by the existing inter-state convention for recognition of service rendered in any state for the purpose of retirement benifit, this benefit is not yet available. Association of Indian Universities has already approached Bombay High Court with this plea. It is only just that the UGC and Govt of India should take this initiative instead of waiting for the matter to be settled in a court of law.

AIFUCTO has consistently demanded that for the purpose of career advancement, past service rendered as Junior Lecturers also should be recognised. In several states, as per the ruls of the government, Junior Lecturers after serving a certain number of years, are entitled to promotion to degree colleges. Their past service for all other purposes is counted on a continuing basis. It is both unjust and illogical not to recognise this service.

### 9 Lecturers' grade for senior Demonstrators/Tutors

While the U G.C. / Govt. of India

## മുരളീധരന് ഡോക്ടറേറ്റ്



പാലക്കാട് എഞ്ചിനീയറിംഗ് കോളേജ് അധ്യാപകനും എ കെ പി സി ടി എ യുടെ സജീവ പ്രവർത്തകനുമായ R. മുരളീധരന് ഡോക്ടറേറ്റ് ലഭിച്ചു. ബിലാസ്പൂർ ഗുരു ഘാസിദാസ് യൂണിവേഴ്സിറ്റിയിൽനിന്നും ഫിസിക്സിലാണ് ഡോക്ടറേറ്റ്.

has already recommended Lecturers' grade for Demonstrators/Tutors on completion of satisfactory service of 16 years, it is unfortunate that many state governments have not yet implemented the same. It is necessary for this provison to be uniformly implemented, all over the country. It should be noted here that Demonstrators/Tutors constitute a dying cadre and most of these teachers are nearing retirement. Unless this benefit is made available immediately most of them will retire and consequently will be unable to get any benefit from the scheme.

## 10 Refresher / Orientation Courses

AIFUCTO fully supports the idea that all university and college teachers should attend orientation course and periodically attend refresher courses. We strongly demand strengthening the existing academic staff colleges and creating co-ordination so that (i) more teachers can attend these courses and (ii) those selected for these courses are released by their employers enabling them to attend these courses. However we are opposed to keeping such attendance as a pre-condition for career advancement. Already the U.G.C has had to waive this condition in view of inadequacy of provision in the academic staff colleges repeatedly. We demand that these two issues be delinked.

## 11. Recruitment of Teachers

The issue requires indepth and detailed study. AIFUCTO fully favours a uniform national policy in this respect. However, we have serious criticism on the ways NET/SLET are functioning.

